## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

10.02.2016 -ലെ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 928

# കളിമണ്ണ് എടുക്കുന്നതിന് അനുമതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എം. ചന്ദ്രൻ :** | ശ്രീ. ഷിബു ബേബി ജോൺ<br>(ബഹു: തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) പരമ്പരാഗതമായ മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് ഉപജീവനത്തിനായി കളിമണ്ണ് എടുക്കുന്നതിന് അനുമതി നൽകുന്ന കാര്യം ശ്രദ്ധിക്കുമോ; | (എ) ഇതു സംബന്ധിച്ച് മൈനിംഗ് & ജിയോളജി വകുപ്പ് പരമ്പരാഗത കളിമൺപാത്ര നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തിക്കോ, സഹകരണ സംഘത്തിനോ ഒരു വർഷത്തിൽ 50 ടൺ കളിമണ്ണ് എടുക്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്. |
| (ബി) കളിമണ്ണ് ലഭിക്കാത്തതുകൊണ്ട് പ്രസ്തുത മേഖലയിൽ പ്രതിസന്ധി നിലനില്ക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) പരമ്പരാഗത കളിമൺപാത്ര നിർമ്മാണ മേഖല നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 106(5) പ്രകാരം പരമ്പരാഗത കളിമൺപാത്ര നിർമ്മാണത്തിൽ ഏർപ്പെടുന്ന ഒരു വ്യക്തിയോ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയോ ഒരു വർഷത്തിൽ സംഭരിക്കുന്ന 50 ടൺ കളിമണ്ണ് നീക്കം ചെയ്യുന്നതിന് റോയൽറ്റി ഈടാക്കാതെ സ്പെഷ്യൽ ട്രാൻസിറ്റ് പാസ് അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത പാസ് അനുവദിക്കുന്നതിന് പാരിസ്ഥിതികാനുമതി, ജില്ലാ കളക്ടറുടെ നിരാക്ഷേപപത്രം തുടങ്ങിയ രേഖകൾ ആവശ്യമില്ലാത്തതാണ്. |

| | |
|---|---|
| (സി)ഇവരെ സംരക്ഷിക്കുന്നതിനും ഉല്പന്ന വിതരണത്തിനും സംഭരണത്തിനും വ്യക്തമായ നയം ഉദ്ദേശിക്കുന്നുണ്ടോ;<br><br>(ഡി)മൺപാത്ര തൊഴിൽ മേഖല ഉൾപ്പെടെ പരമ്പരാഗത തൊഴിൽ മേഖല സംരക്ഷിക്കുന്നതിന് സംസ്ഥാന സർക്കാർ സമഗ്ര നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ? | (സി) ആന്റ് (ഡി)<br>ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ